2

# ആത്മീയത, 2

നാം കാണുന്നത് "ഉയർന്ന വിലയുള്ള മാർക്കറ്റ്" ആണ് – ആത്മീയത യിൽ – അവിടെ വളരെയധികം താല്പര്യവും പ്രവർത്തനങ്ങളും ഉ്. മിക്കതും അന്ധവിശ്വാസവും വിലയില്ലാത്തതുമാണ്. ഉയർന്ന ആത്മീയതയെ മറ്റൊരു ബാലിശ ചാപല്യമായി തരം താഴ്ത്തുവാൻ പാടില്ല.

കഴിഞ്ഞ പാഠത്തിലെ വ്യാജമായ ആത്മിയതയെ കുറിച്ചുള്ള പാഠത്തിൽ നിന്നു, നമുക്ക് ആത്മിയത എന്ത് *അല്ല* എന്നത് നോക്കാം:

3. അതു അജ്ഞതയും അന്ധവിശ്വാസവുമല്ല. ആളുകൾ ഇന്നു തങ്ങ ളുടെ കണ്ണുകൾ കൊു കേൾക്കുകയും വികാരങ്ങൾ കൊ് ചിന്തിക്കു കയും ചെയ്യുന്നു. ആത്മിയത വൈകാരികമാകുവാൻ യുക്തിയുള്ളതാകണം. ആളുകൾ പറയും, "എനിക്കു തോന്നുന്നു, അതുകൊു ഞാൻ വിശ്വസി ക്കുന്നു." "എല്ലാവരും ക്രിസ്ത്യാനി ആണെങ്കിൽ, ആരും ക്രിസ്ത്യാനിയല്ല." മനസിനു സംതൃപ്തി കൊടുക്കാതെ നിങ്ങൾക്ക് "ഊഷ്മള ഹൃദയം" ഉ ാ കയില്ല. വിശുദ്ധനാകാതെ സന്തോഷിക്കുവാൻ ശ്രമിക്കരുത്.

4. അത് ഒരു രഹസ്യവാദമല്ല. സഹോദരന്മാർ പലപ്പോഴും, "നിഗൂഢമായ, ആത്മാർത്ഥമല്ലാത്ത, മനസിലാക്കുവാൻ കഴിയാത്തവയ്ക്ക്" ഇരയായി തീരാ റു്. ആത്മിയതയെ കുറിച്ചുള്ള വിലയില്ലാത്ത മത്തരങ്ങൾക്ക് ക്രിസ്ത്യാ നികളെ പക്വതയിലെത്തിക്കുവാൻ കഴിയുകയില്ല. അമേരിക്കൻ പ്രഥമ വനി തയായിരുന്ന നാൻസി റീഗനു വൈറ്റ്ഹൗസിൽ ഒരു മാനസിക പ്രശ്നം ഉാ യിരുന്നു. ആളുകൾ ആത്മിയതക്കുവേി തിരയുന്നതെല്ലാം തെറ്റായ സ്ഥല ങ്ങളിലാണ്. ആവേശം "ഉള്ളിൽ" ആണുള്ളത്. ആളുകൾക്ക് "ദൈവത്തിന്റെ അനുഭവങ്ങൾ" വേണം, എന്നാൽ ദൈവത്തെ വേ. നമുക്കുള്ളത് "ആത്മാ വിന്റെ കാലം" ആണോ അതോ "കാലത്തിന്റെ ആത്മാവു" ആണോ? "യേശുവിനെ സംബന്ധിച്ച് കുറച്ച്," കുറച്ചു സെൻ ബുദ്ധിസം, "പുതിയ–യുഗത്തിന്റെ ആചാരങ്ങൾ" എന്നതിനെ കുറിച്ച് ഒരു കൂട്ടർ, ചില "സോഫിയ," സ്ത്രീപക്ഷക്കാർ, ധ്യാനത്തിൽ പ്രവേശിച്ചു, മന്ത്രം ഉരുവിട്ടു, ആത്മാക്കളുമായി സംസാരിക്കുന്ന, ഗുരുക്കന്മാർ എന്നിവർ: ആ സമീപനങ്ങൾ അന്ധവിശ്വാസം നൽകുന്നു, അല്ലാതെ ആത്മീയതയല്ല. ആളുകളെ നിരീക്ഷി ച്ചതിൽനിന്നു ഇരുപതു ശതമാനം പേർക്കും ഒരു വർഷത്തിനുള്ളിൽ ദൈവ ത്തിൽനിന്നു പ്രത്യേക വെളിപ്പാടു ലഭിച്ചിരിക്കുന്നതായിട്ടാണ് കാണപ്പെട്ടത്. മുപ്പത്തി–മൂന്നു ശതമാനം പേർക്കു ദൈവത്തിൽനിന്നു രഹസ്യമായ അനു ഭവം കിട്ടിയതായി അവകാശപ്പെട്ടിരിക്കുന്നു. "അനുഭവം" കിട്ടി എന്നു വിശ്വ സിക്കുന്ന ഒരാളെ ബൈബിൾ പഠിപ്പിക്കുവാൻ ശ്രമിക്കുന്ന ആൾക്ക് അയാളു മായി ആശയവിനിമയം നടത്തുവാൻ പ്രയാസമാണ്.

ഇനി നമുക്ക് എ*ന്താണ്* ആത്മിയത എന്നു നോക്കാം:

1. അത് യുക്തിക്കു നിരക്കുന്നതാണ്. ആത്മിയത ആരംഭിക്കേതും നില നിർത്തേതും സത്യത്താലാണ്. മനസാക്ഷിയെ പണിയേതു തീർച്ചയാ ലായിരിക്കണം; തീർച്ചയെ പണിയേതു സത്യത്തിലുമായിരിക്കണം. സത്യം ഇല്ലെങ്കിൽ, ആത്മിയത "ബാലിശത്തെ വളരുവാൻ അനുവദിക്കുന്നതു"

പോലെയായി തീരുന്നു. ആത്മിയനാകുവാൻ ഒരാൾ സത്യം കേട്ട്, ചിന്തിച്ച്, അറിയണം. വൈകാരികതയെ നിയന്ത്രിക്കുന്നത് യുക്തിയാണ്. ആത്മീയത, ആദ്യം, യുക്തിക്കു നിരക്കുന്നതാണ്.

2. അതു ബൈബിൾ-അടിസ്ഥാനമായിട്ടുള്ളതാണ്. തിരുവെഴുത്തു കൂടാതെ ദൈവവുമായി ഒരു ആത്മിയബന്ധം നിലനിർത്തുവാൻ സാധ്യമല്ല. ആത്മിയത "വചനത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നത്" ആയിരിക്കണം. താൻ പാപം ചെയ്യാതിരിക്കേതിന്നു ദാവീദ് വചനം ഹൃദയത്തിൽ സംഗ്രഹിച്ചിരിക്കുന്നു (സങ്കീർത്തനങ്ങൾ 119:11). ഇന്നു ആളുകൾ പറയാറു്, "ദൈവം എന്നോടു സംസാരിച്ചു." അവർ പ്രവാചകന്മാരാണോ? ബൈബിൾ മതിയായതല്ലേ? അവരുടെ "വെളിപ്പാട്" തിരുവെഴുത്തിനു സമാനമായതാണോ? ദൈവത്തിൽ ആശ്രയിക്കുക എന്നത് ഒരു തീരുമാനമാണ്, അല്ലാതെ ഒരു വികാരം അല്ല. നമുക്ക് ദൈവത്തിൽ ആശ്രയിക്കാമോ? നമുക്ക് ബൈബിളിനെ വിശ്വസിക്കാമോ? നാം സഭയെ സ്നേഹിക്കുന്നുാേ? നമ്മുടെ ആത്മിയതയുടെ അളവും സ്ഥിരതയും നിർണ്ണയിക്കുന്നവയാണ് ആ ചോദ്യങ്ങൾക്കുള്ള ഉത്തരം.

ലൗകികരായ ഒരു കൂട്ടം ആളുകളോടു പ്രസംഗിക്കുവാനാണ് ആമോസിനെ ദൈവം അയച്ചതു. അവരുടെ അടിസ്ഥാന പ്രശ്നം എന്തായിരുന്നു? ദേശത്ത് ക്ഷാമം നേരിട്ടു എന്ന് ആമോസ് പറയുന്നു - അപ്പത്തിനു വേിയുള്ള ക്ഷാമം ആയിരുന്നില്ല, എന്നാൽ യഹോവയുടെ വചനം കേൾക്കുന്നതിനുള്ളതായിരുന്നു (ആമോസ് 8:11). "യജമാനന്റെ മേശയിങ്കൽ" ആളുകൾ പട്ടിണി കിടക്കുന്നു. പരിജ്ഞാനമില്ലായ്കയാൽ ഞങ്ങൾ നശിച്ചിരിക്കുന്നു (ഹോശേയ 4:6). ക്രിസ്ത്യാനികൾ വചനത്താലാണ് ജനിക്കുന്നത്; അവർ വളരുന്നതും വചനത്താലാണ്.

3. അതു സത്യസന്ധമാണ് (ആധികാരികവും, ആത്മാർത്ഥവും, വാസ്തവവുമായത്). ആരാധനയെക്കുറിച്ചു ഏറ്റവും വലിയ ഒരു സത്യം യേശു യാക്കൊബിന്റെ കിണറ്റിനരികെ വെച്ചു പഠിപ്പിച്ചു: "ദൈവം ആത്മാവ് ആകുന്നു, അവനെ നമസ്ക്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം" (യോഹന്നാൻ 4:24). സത്യം സത്യമാണ്, എന്നാൽ എന്താണ് "ആത്മാവ്"? *സത്യസന്ധത!* യിസ്രായേലിന്റെ നേർച്ചകാഴ്ച്ചകളിൽ ദൈവത്തിനു "മനം മടുത്തു തുടങ്ങി" (യെശയ്യാവ് 29:13 നോക്കുക). എന്തുകൊ്? ആളുകൾ കപടഭക്തിക്കാരായിരുന്നു. അവർ ദൈവത്തെ വ്യർത്ഥമായി ആരാധിച്ചിരുന്നു (മത്തായി 15:8, 9). ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും (മത്തായി 5:8). സത്യസന്ധതയും ശുദ്ധിയുമുള്ള ഹൃദയത്തിൽനിന്നാണ് ആത്മീയത ആരംഭിക്കുന്നത്. നാം നമ്മെയല്ല, ദൈവത്തെയാണ് അന്വേഷിക്കുന്നത്. "നിന്റെ ഇഷ്ടം നടക്കേണമേ" (മത്തായി 6:10; 26:42). ദിവ്യനാകുവാൻ ശ്രമിക്കരുത്; നിങ്ങൾക്ക് അതു സാധ്യമല്ല. മനുഷ്യനാകുക. നിങ്ങൾ തന്നെ ആകുക; നിങ്ങൾക്ക് മറ്റാരും ആകുവാൻ സാധ്യമല്ല.

4. അതു താഴ്മയാണ്. ആത്മിയതയുടെ അന്തസത്ത ആശ്രയത്വമാണ്. ആത്മിയത നേടുക എന്നത് കോണിയിൽ കയറുന്നതുപോലെ ആണെന്നു മിക്കവരും കരുതുന്നു. "ആത്മിയ കോണി" എന്നൊന്നില്ല. ദൈവം കാൽവരിയിൽ, ഒരു കോണിയല്ല, ക്രൂശാണ് വെച്ചത്! "യാക്കൊബിന്റെ കോണിയിൽ" യാക്കോബ് കയറിയില്ല; ദൂതന്മാരാണ് കയറുകയും ഇറങ്ങുകയും ചെയ്തത് (ഉൽപത്തി 28:12). ആത്മിയതയിലേക്കുള്ള മാർഗ്ഗം മുകളിലേക്കല്ല, താഴേക്കാണ്. *ആദ്യം താഴ്മ ധരിക്കുക!* ആത്മിയത "സ്വാതന്ത്ര്യ" മല്ല; ആത്മിയത നിസ

ഹായതയാണ് (ആശ്രയത്വം). നമ്മുടെ നിസഹായതയുടെ ശബ്ദമാണ് പ്രാർത്ഥന. ആത്മിയമായി നിഗളിക്കുന്നവർ ആത്മിയരല്ല. ബുദ്ധിപ്രധാനമായ തിനു എതിരല്ല ആത്മിയത. ആത്മീയത പുതിയ ഒരു ഭ്രമമല്ല – പുരാതനമായ സത്യമാണ് അത്.

**************

# "വിശ്വാസമുള്ള ഒരു നടപ്പ്"
## എബ്രായർ 11[1]

*"കാഴ്ച്ചയാലല്ല, വിശ്വാസത്താലത്രേ നാം നടക്കുന്നത്" (2 കൊരിന്ത്യർ 5:7).*

ദൈവത്തോടൊപ്പം നമ്മുടെ ദിവസേനയുള്ള നടപ്പ് "ഒരു വിശ്വാസ നടപ്പാണ്." നമുക്ക് ദൈവത്തിലുള്ള വിശ്വാസം നിമിത്തമാണ്, നാം ദൈവത്തോടുകൂടെ നടക്കുന്നത്. ഒരു നിമിഷ നേരത്തേക്കു പൂർണ്ണരാകുവാൻ നമുക്ക് സാധ്യമല്ല, എന്നാൽ ദിവസത്തിൽ ഒരു തവണ നമുക്ക് വിശ്വസ്തരായിരിപ്പാൻ കഴിയും. നാം ഓരോ ദിവസവും വിശ്വസ്തരായി ജീവിച്ചാൽ, ക്രിസ്തു ഏതു ദിവസം മടങ്ങി വന്നാലും നമുക്ക് പ്രശ്നമില്ല. ഹേവെൻസിന്റെ "ഹാൾ ഓഫ് ഫെയിം" വിശ്വസ്ത ജീവിതം നയിച്ച ചരിത്രത്തിലെ മഹാന്മാരായ വിശുദ്ധന്മാരെ പറ്റി പറയുന്നു. അവിടെ വ്യക്തമായി ഇല്ലാതിരിക്കുന്നത് ശ്രദ്ധിക്കുക – ഉയർന്ന ബുദ്ധിശക്തി, സ്വയ–മതിപ്പ്, നല്ല വ്യക്തി–ത്വം, താലന്ത്, വിജയം എന്നിവയാണ്. വിജയമല്ല കർത്താവു നമ്മോടു ആവശ്യപ്പെട്ടത്, വിശ്വസ്തതയാണ്. തുല്യ കഴിവുകൾ കർത്താവു ആവശ്യപ്പെടുന്നില്ല; തുല്യവിശ്വാസവും അവൻ ആവശ്യപ്പെടുന്നില്ല – എന്നാൽ വിശ്വസ്തത മാത്രമാണ്. നിങ്ങൾ ഇപ്പോൾ വിശ്വസ്തനാണോ?

### ജീവിതം എന്താണോ അതാണ് വിശ്വാസം

അവഗണിക്കുവാൻ പറ്റാത്തത്ര വലുതാണ് വിശ്വാസം. അത് എന്താണ് എന്നും എന്തു ചെയ്യുന്നു എന്നും നാം അറിഞ്ഞിരിക്കണം. നാം അത് അറിഞ്ഞാലും ഇല്ലെങ്കിലും, നാമെല്ലാം "നമ്മുടെ വിശ്വാസത്താൽ നടക്കുന്നു." നമ്മുടെ ഓരോ ചിന്തയും, പ്രവൃത്തിയും തെളിയിക്കുന്നത് നമ്മുടെ വിശ്വാസമാണ്. വിശ്വാസം ജീവിതത്തിനു വേിയാണ്; ജീവിതം വിശ്വാസമാണ്. തന്റെ വിശ്വാസമാണ് മനുഷ്യൻ. ചില ആളുകൾ വിലപിക്കും, "എന്റെ വിശ്വാസത്തിനനുസരിച്ച് ഞാൻ ജീവിക്കുന്നില്ല." ഉവ്വ്, നിങ്ങൾ ജീവിക്കുന്നു്! നിങ്ങളുടെ വിശ്വാസത്തിലാണ് പരാജയം സംഭവിച്ചിരിക്കുന്നത്. നിങ്ങൾ വിശ്വസിക്കുന്നതനുസരിച്ചാണ് ജീവിക്കുന്നത്. നാം എന്തു വിശ്വസിക്കുന്നുവോ അതനുസരിച്ചാണ് നാം പ്രവർത്തിക്കുന്നത്. നിങ്ങളുടെ വിശ്വാസം നിങ്ങളുടെ പെരുമാറ്റത്തെ നിർണ്ണയിച്ചില്ലെങ്കിൽ, പിന്നെ എന്തിനാണ് വിശ്വാസങ്ങൾ? "വിശ്വസിക്കുന്നതിൽ വിശ്വസിക്കുന്നത്" അല്ല വിശ്വാസം. വിശ്വാസത്തിനു ഒരു വസ്തുത ഉ്. നിങ്ങൾ ആരിലെങ്കിലും എന്തിലെങ്കിലും വിശ്വസിക്കുന്നു. "വിശ്വസിക്കുന്നതിലുള്ള വിശ്വാസം" അന്ധവിശ്വാസവും, മാന്ത്രികവും, നിസാ

രവുമാണ്. വിശ്വാസം മാത്രം രക്ഷിക്കുകയില്ല; *ദൈവമാണ് രക്ഷിക്കുന്നത്*! വിശ്വാസം ദൈവത്തിൽ ആശ്രയിക്കുന്നു.

ദൈവശക്തിയേക്കാൾ വലുതല്ല മനുഷ്യരുടെ വിശ്വാസം. നമ്മുടെ വിശ്വാസത്തിന്റെ ലക്ഷ്യമായ, ക്രിസ്തുവിനേക്കാൾ, നമ്മുടെ വിശ്വാസത്തെ കുറിച്ചാണ് അധികവും ഇന്നു നാം സംസാരിക്കുന്നത്. നിങ്ങളുടെ വിശ്വാസ ത്തെകുറിച്ച് നിങ്ങൾ പൊങ്ങച്ചം പറയുകയില്ല. ശക്തിയും മഹത്വവും വിശ്വ സിക്കുന്നവനിലല്ല, വിശ്വസിക്കുന്ന വസ്തുവിലാണുള്ളത്. പ്രവൃത്തിയേക്കാൾ യോഗ്യത വിശ്വാസത്തിനില്ല.

നാം പറയുന്ന ഓരോ വാക്കോ പ്രവൃത്തിയോ നമ്മുടെ വിശ്വാസത്തിന്റെ ഫലമായുള്ളതാണ്. നാം എന്തുകൊാണ് റോഡിന്റെ ഒരു വശത്തുകൂടെ മാത്രം വി ഓടിക്കുന്നത്? കാരണം നിയമത്തിന്റെ അധികാരത്തിലും തെറ്റായ വശത്തുകൂടെ ഓടിച്ചാൽ ഉാകുന്ന അപകടത്തിലും നാം വിശ്വസിക്കുന്നു! കഴിവ്, വിദ്യാഭ്യാസം, തയ്യാറാക്കൽ, ആളുകൾ, ഭാവി, പണം, വിജയം, പ്രചാ രം, "രാഷ്ട്രീയപരമായി ശരിയായവ," സംസ്ക്കാരം, കുടുംബം, രാഷ്ട്രീയം, ആഹാരപദാർത്ഥങ്ങൾ, വ്യായാമം, നമ്മുടെ കൊടി, ചരിത്രം, നന്മ, സത്യസ ന്ധത, ആദരവ്, തുടങ്ങി മറ്റനേകം കാര്യങ്ങളിൽ നാം വിശ്വസിക്കുന്നു. നാം ഡോക്ടർമാരെ വിശ്വസിക്കുന്നതുകൊ്, അടിസ്ഥാനപരമായ ചികിൽ സക്കും ഓപ്പറേഷനും വിധേയപ്പെടുന്നു. പൈലറ്റുമാരെ വിശ്വസിക്കുന്നതു കൊാണ്, നാം വിമാനങ്ങളിൽ യാത്ര ചെയ്യുന്നത്.

വിചിത്രമായ കാര്യങ്ങൾ ചെയ്യുവാൻ നമ്മെ (പ്രത്യേകിച്ച് യുവാക്കളെ) ഇടവരുത്തുന്നതിനു കാരണം വിശ്വാസമാണ്. നിങ്ങൾ തെറ്റായ രീതിയിൽ തലമുടി വെട്ടുന്നതും വസ്ത്രധാരണം ചെയ്യുന്നതും എന്തുകൊാണ്? കാരണം അതു തമാശയും, വിജയവും, അംഗീകാരവും തരും എന്നു വിശ്വ സിക്കുന്നതുകൊാണ്. പ്രായപൂർത്തിയായവർക്ക് തനിക്കു തുല്യമായവരെ നേരിടുമ്പോൾ സമ്മർദ്ദം ഉാകുന്നു. ആരോ പറയുകയുായി, "നമുക്ക് ഇഷ്ടമില്ലാത്ത ആളുകളെ വിഡ്ഢികളാക്കുവാനും വാങ്ങരുതാത്ത വസ്തു ക്കൾ വാങ്ങുവാനുമായി നാം പണം ചെലവിടുന്നു." നാം എന്തുകൊാണ് കടത്തിലാകുന്നത്? കാരണം ചിലതു കൈവശമാക്കണമെന്നു നാം വിശ്വ സിക്കുന്നു. കളികളും, സിനിമയും, സംഗീതപരിപാടികളും കാണുന്നതിന്, ടിക്കറ്റെടുക്കുവാൻ രാത്രിയും പകലും, ആഴ്ച്ചകളോളം തമ്പടിക്കുന്നത് എന്തു കൊ്? നമുക്ക് വിശ്വാസം ഉള്ളതുകൊാണ്. വിശ്വാസം അല്ല പ്രശ്നം, കാരണം നാം എല്ലാം വിശ്വസിക്കുന്നു് - എന്നാൽ ആരിൽ ആണ്? എന്തി ലാണ് നാം വിശ്വസിക്കുന്നത്? നാം വിശ്വസിക്കുന്നതെന്താണെന്നും അതെ ന്തുകൊാണെന്നും നാം അറിഞ്ഞിരിക്കണം.

അറിയാത്ത കാര്യങ്ങളിൽ നാം വിശ്വസിക്കുന്നു്. നിങ്ങൾക്ക് അറിയാ ത്തതു ഒരുപക്ഷെ നിങ്ങളെ കൊന്നേക്കാം. നമ്മുടെ സംസ്ക്കാരം കണ്ണുകൾ കൊു കേൾക്കുകയും വികാരങ്ങൾ കൊു ചിന്തിക്കുകയും ചെയ്യുന്നു. രാഷ്ട്രീയപരമായി ശരിയായവ നമ്മെ നിയന്ത്രിക്കുന്നു. തിരുവെഴുത്തുകൾ പറയുന്നു, "ആകയാൽ വിശ്വാസം കേൾ വിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു" (റോമർ 10:17). നമ്മുടെ വിശ്വാസം തെറ്റായ ഉറവിട ത്തിൽ നിന്നുള്ളതാണ്: അതു നമ്മുടെ വിഡ്ഢിത്തങ്ങൾക്കു മുഖ്യകാരണമാ കുന്നു.

നാം തെറ്റായി കണക്കാക്കുന്ന കാര്യങ്ങളിൽ നാം വിശ്വസിക്കുന്നു. ആളു

കൾക്ക് എങ്ങനെ മയക്കുമരുന്നുകൾക്ക് അടിമകളാകുവാൻ, ശരീരഭാരം കൂട്ടുവാൻ, അല്ലെങ്കിൽ ഡോക്ടർമാരുടെ നിർദ്ദേശങ്ങൾ ലംഘിക്കുവാൻ കഴിയുന്നു? നമ്മുടെ അങ്ങേയറ്റത്തെ ശത്രു നാം തന്നെയാണ്. വിശ്വസ്തനാകുന്നതിനേക്കാൾ എളുപ്പം അമിതമായ ഉത്കണ്ഠയുാക്കുവാനാണ്. വിശ്വാസം നിങ്ങളെ പിടിച്ച് ഉയർത്തുന്നില്ലെങ്കിൽ, പിന്നെ അതിനെ പിടിക്കാതിരിക്കുക. തങ്ങൾ ദുഷ്ടരായിരുന്നു എന്നറിഞ്ഞവരുടെ കൂട്ടമായിരിക്കും സ്വർഗത്തിൽ ഉാവുക; തങ്ങൾ നല്ലവരാണെന്നു വിശ്വസിച്ചവരുടെ കൂട്ടമായിരിക്കും നരകത്തിൽ ഉാവുക.

നമുക്കറിയില്ലെങ്കിലും അറിയാമെന്നു വിചാരിക്കുന്ന കാര്യങ്ങളിൽ നാം വിശ്വസിക്കുന്നു. നമ്മുടെ സംസ്ക്കാരം പറയുന്നതു പു ജീവിച്ചിരുന്നവർക്കു ഒന്നും അറിയില്ല എന്നും, അതേസമയം ഇപ്പോഴുള്ളവർക്ക് എല്ലാം അറിയാം എന്നുമാണ്. നിങ്ങൾക്ക് എത്ര നിസാരമായിതീരാൻ കഴിയും? നമ്മുടെ ഉത്തോപ്യൻ ഇരുപതാം നൂറ്റ് ആരംഭിച്ചതിനേക്കാൾ മോശമായ രീതിയിലാണ് അവസാനിച്ചത്. എല്ലാ ഉത്തരങ്ങളും നൽകുവാൻ കഴിയും എന്നവകാശപ്പെടുന്നവർക്ക് ഒന്നും കഴിയുകയില്ല!

എന്തു വിശ്വസിക്കുന്നുവോ അതാണ് നാം എന്നുള്ളതുകൊ്, നാം വിശ്വസിക്കുന്നതിനെ കുറിച്ചു വളരെ ശ്രദ്ധയുള്ളവരാകണം. നമ്മുടെ സംസ്ക്കാരം അന്തർജ്ഞാനത്തിലും, മനശാസ്ത്രത്തിലും, നിഗൂഢതയിലും, തോന്നലുകളിലും, പെട്ടെന്നുള്ള രോഗസൗഖ്യത്തിലും കൂടുതൽ ആശ്രയിക്കുന്നു. ആ പരിഹാരങ്ങൾ മോശമായവയെ കൂടുതൽ മോശമാക്കുന്നു. നമ്മുടെ വിശ്വാസം "നിഗൂഢമായ അവ്യക്തത" ഉള്ളതായിരിക്കരുത്. മനസിനാവശ്യമായ ആഹാരം നല്കാതെ ഹൃദയത്തെ വികാരത്താൽ ഊഷ്മളമാക്കുവാൻ ശ്രമിക്കുന്നതു, നമ്മുടെ നാശത്തിനാണ്. നാം വിശ്വസിക്കുന്നതു പ്രസക്തമാണ്. "നല്ലതാണെന്നു തോന്നിയാൽ, അതു ചെയ്യുക" എന്നതു കേൾക്കുവാൻ കൊള്ളാം, പക്ഷെ അതു മോശമായ വിശ്വാസമാണ്. നിങ്ങൾ വിശ്വാസം നഷ്ടമാക്കുന്നില്ല – പക്ഷെ ഒന്നിനു പകരം മറ്റൊന്നു എടുക്കുക മാത്രമാണ് ചെയ്യുന്നത്. ഭൂമിയിൽ ഏറ്റവും പ്രായോഗികമായ ഒന്നാണ് വിശ്വാസം. വിശ്വാസം ജീവിതത്തിലേക്കുള്ള വഴിയും ജീവിക്കുവാനുള്ള വഴിയുമാണ്. വിശ്വാസമുള്ളവർ അതനുസരിച്ചു ജീവിക്കും.

അതുകൊു, സത്യത്തിനു അധികം വില കല്പിക്കണം. "സത്യം നിങ്ങൾ അറിയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹന്നാൻ 8:32); "ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹ ന്നാൻ 14:6). "തികഞ്ഞ സത്യം" എന്നൊന്നില്ല എന്ന ആശയം സ്വീകരിക്കുന്നതു ആത്മഹത്യാപരം ആണ്! ജീവിതം അടിസ്ഥാനപ്പെടുത്തേതും – ജീവിക്കേതും – സത്യത്തിന്മേലായിരിക്കണം. സത്യത്തിനു വേിയുള്ള അന്വേഷണം ആയിരിക്കണം ജീവിതലക്ഷ്യം. "സത്യം വില്ക്കുകയല്ല, വാങ്ങുകയത്രേ വേത്" (സദൃശവാക്യങ്ങൾ 23:23). സത്യത്താൽ മാത്രമേ സമൂഹത്തിനു നിലനിൽപുള്ളൂ. നമ്മുടെ വിശ്വാസം സത്യമായിരിക്കണം. "നിങ്ങളുടെ ഭാരം മുഴുവൻ ഇറക്കുവാൻ പറ്റുന്നതാകണം" വിശ്വാസം. സത്യത്തിനു മാത്രമേ യോഗ്യത നൽകുവാൻ കഴിയൂ. "എന്റെ വിശ്വാസ" ത്തിൽ അല്ല വിശ്വാസം ഉള്ളത്; വിശ്വാസം ഉള്ളത് സത്യത്തിലാണ്. വിശ്വാസത്തിന്റെ പ്രധാന ഘടക ത്തിൽ കാണേത് നിറയെ വിശ്വാസമായിരിക്കണം. എല്ലാ ഉത്തരവും നമുക്കു നല്കു

ന്നതല്ല വിശ്വാസം; ഉത്തരങ്ങൾ കൂടാതെ ജീവിക്കുവാൻ അനുവദിക്കുന്നതാണ് വിശ്വാസം. വിശ്വാസജീവിതം നിത്യജീവനെ നേടുകയില്ല; *അതാണ്* നിത്യജീവൻ. ഓരോ ദിവസവും നിങ്ങളോടുതന്നെ സുവിശേഷം പ്രസംഗിക്കുക. നിങ്ങളുടെ തന്നെ പ്രസംഗത്തിൽ വിശ്വസിക്കുക! വിശ്വാസം എന്നാൽ ദൈവം ഒഴിച്ച് മറ്റൊന്നും വേ എന്നാണ്. ജീവിതത്തെ മാറ്റുവാനും വിശുദ്ധന്മാരെ പക്വതയിലെത്തിക്കുവാനും വിശ്വാസത്തിനല്ലാതെ മറ്റൊന്നിനും സാധിക്കുകയില്ല. വിശ്വാസം കൂടാതെ നിങ്ങൾക്ക് വിശ്വസ്തരാകുവാൻ സാധ്യമല്ല. ദിവസവും വിശ്വസ്തരായി മാത്രം ജീവിക്കുക.

ശരിയായ ക്രമത്തിൽ, നമുക്കു വസ്തുതകളും, വിശ്വാസവും, വികാരങ്ങളും ഉ്. വിശ്വാസം വികാരത്തിനു മുൻപു വരുന്നു, ആ വിശ്വാസത്തിനു മുൻപാണ് വസ്തുതകൾ വരുന്നത്. വിശ്വാസ വസ്തു വസ്തുതയാണ്, അല്ലാതെ വികാരമല്ല. നിങ്ങൾക്ക് "നിങ്ങളുടെ വിശ്വാസത്തിലേക്കുള്ള വഴി തോന്നുക" യില്ല. വിശ്വാസം വസ്തുതയിൽ ശ്രദ്ധിക്കുന്നു. അതു വിശ്വാസത്തെ സംരക്ഷിക്കുന്നു. വിശ്വാസം വസ്തുതയിൽ നിന്നു ദൃഷ്ടി പിൻവലിച്ച് വികാരത്തെ ശ്രദ്ധിക്കുമ്പോൾ, വിശ്വാസത്തിനും വികാരത്തിനും ക്ഷതമേൽക്കും. കുടുംബത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കരുത്; ദൈവത്തിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേത്! കുടുംബത്തെ ഒരു വിഗ്രഹമാക്കരുത്. അവന്റെ വചനത്തിൽനിന്നു ദൈവത്തെ എടുക്കുന്നതാണ് വിശ്വാസം. നിങ്ങൾക്കുള്ളതു ആരോഗ്യകരമായ വിശ്വാസമാണോ അതോ അനാരോഗ്യകരമായ വിശ്വാസമാണോ?

**വിശ്വാസം ആശ്രയിക്കുന്നു**

വിശ്വാസം എന്നത് മനസിന്റെ സമ്മതവും, ഹൃദയപൂർവ്വമായ ആശ്രയവും, പൂർണ്ണമായ അനുസരണവുമാണ്. ദൈവം എത്ര തേജസുള്ളവനും നല്ലവനുമാണെന്നു നമ്മൾ യഥാർത്ഥത്തിൽ മനസിലാക്കുമ്പോൾ, നാം നമ്മുടെ ജീവിതങ്ങളെ അവനു നൽകുവാൻ തയ്യാറാകുന്നു. നാം ദൈവത്തെ ശരിക്ക് അറിയുകയാണെങ്കിൽ, ഒരിക്കലും പാപം ചെയ്യുകയില്ല. ദൈവം ദൈവമാണ്, മനുഷ്യൻ അല്ല താനും. *വസ്തുത:* ദൈവം ദൈവമാണ്. *വിശ്വാസം:* അവൻ എന്റെ ദൈവം ആണ്! വിശ്വസിക്കുന്നതിൽ, മനുഷ്യൻ തന്റെ മനുഷ്യത്വം അവകാശപ്പെടുന്നു. പാപത്തിൽ മനുഷ്യൻ നഷ്ടപ്പെട്ടവനായി, നിസഹായനായി, നരകത്തിലേക്കുപോകുവാൻ വിധിക്കപ്പെടുന്നു. ആത്മീയതയിൽ അടങ്ങിയിരിക്കുന്നത് ആശ്രയത്വമാണ്. തന്റെ രക്ഷക്കുള്ള സഹായത്തിനു, മനുഷ്യൻ തന്നിൽ നിന്നു പുറത്തേക്കു നോക്കണം. വിശ്വസിക്കുവാൻ മനുഷ്യൻ തന്നെത്താൻ താഴ്ത്തണം. തന്നെത്താൻ താഴാതെ, ഒരാൾക്കു വിശ്വസിക്കുവാൻ സാധ്യമല്ല. അതുകൊാണ് ചിലപ്പോൾ അനുസരിക്കുന്നതിനേക്കാൾ ആശ്രയിക്കുന്നതു പ്രയാസമാകുന്നത്. ക്രിസ്തുവിൽ നമ്മുടെ ജീവിതത്തെ സമർപ്പിക്കുന്നതിനേക്കാൾ എളുപ്പമാണ് നമുക്കറിയാവുന്നതിലും ചെയ്യാവുന്നതിലും ആശ്രയിക്കുന്നത്. വിശ്വാസം "ഒരു വ്യാപാരം" എന്നപോലെ, ദൈവവുമായുള്ള ഉടമ്പടിയല്ല. വിശ്വാസം കീഴ്പ്പെടലാണ്. വിശ്വാസത്തിനു മാത്രമായി യോഗ്യതയില്ല. *ദൈവത്തിനു മഹത്വമു ാകട്ടെ!*

വിശ്വാസം ഉ ാവുക എന്നാൽ തിരിച്ച് അർത്ഥമു ാക്കുക മാത്രം ചെയ്യുന്ന മുൻകൂട്ടിയുള്ള ആശ്രയമാണ്. *ചിന്തിക്കുക!* ഞായറാഴ്ച്ച സംഭവിക്കുവാൻ പോകുന്നത് (ഉയർത്തെഴുന്നേല്പ്) ശിഷ്യന്മാർക്കു അറിയാമായിരുന്നുവെങ്കിൽ, അവർ വെള്ളിയാഴ്ച്ച (ക്രൂശീകരിക്കൽ) ഇടപെടുമായിരുന്നു.

യിസഹാക്ക് മുഖാന്തരം ദൈവം തന്റെ വാഗ്ദാനം ഭാവിയിൽ നിറവേറ്റും എന്നു അറിയാമായിരുന്നതുകൊു തന്റെ മനസിൽ അബ്രഹാമിന്റെ സന്തതിയെ ദൈവത്തിനു നൽകുവാൻ അവനു കഴിഞ്ഞു. അബ്രഹാം തീർച്ചയായും വിചാരിച്ചു, "ദൈവമേ, നീ എന്നോടു അവനെ കൊല്ലുവാൻ പറഞ്ഞു. എന്റെ ജോലി അനുസരിക്കുക എന്നതു മാത്രമാണ്. ഞാൻ അവനെ ഉടനെ കൊല്ലും. അവനെ തിരികെ തരേ ജോലി നിന്റേതാണ്" (ഉൽപത്തി 22; എബ്രായർ 11). പഴയകാലത്ത് ആളുകൾക്ക് എത്ര കുറച്ചു മാത്രം വിശ്വാസമാണ് ഉായിരുന്നതെന്നു കാണുവാൻ എളുപ്പമാണ്. ഇടക്ക് വെച്ച് ചോദിക്കട്ടെ, ഒരു വർഷം മുമ്പ് എന്തിനെ കുറിച്ചാണ് നിങ്ങൾ സങ്കടപ്പെട്ടിരുന്നത്? നമ്മുടെ ജീവിതത്തെ നാം ഒന്നു പുനഃപരിശോധിച്ചാൽ, നമ്മുടെ അല്പത്വത്തെയും, വിശ്വാസക്കുറവിനെയും, പരാജയത്തെയും കുറിച്ച് ഓർത്തു നാം ലജ്ജിച്ചു പോകയില്ലേ? നാം ആരാണ് എന്നത് നാം ആരായി തീരേണം എന്നതുമായി എപ്പോഴും പോരാട്ടത്തിലാണ്. ക്രിസ്തു പറയുന്നു, "അല്പവിശ്വാസികളേ!" (മത്തായി 6:30), പിന്നെ നാം അവനോടു പറയുന്നു, "ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കേണമേ!" (ലൂക്കൊസ് 17:5). ദൈവത്തെ ആശ്രയിക്കുവാൻ കഴിയുമോ? ഞാൻ വാസ്തവത്തിൽ വിശ്വസിക്കുന്നുോ? വിശ്വാസം ലോകത്തിന് നിത്യമായ ഒരു കാഴ്ച്ചപ്പാട് നല്കുന്നു: ഓരോ നിമിഷവും ദൈവത്തിന്റെ ദൈവത്തിൽ നിന്നുള്ള വെളിപ്പാടാണ്. വിശ്വാസത്താൽ – ഇപ്പോൾ ജീവിക്കുവാൻ പഠിക്കുക.

വിശ്വാസം അസാധ്യമായതിൽ വിശ്വസിക്കുന്നു. നമുക്ക് കുട്ടികളുടേതു പോലെയുള്ള, വിശ്വാസമാണ് ആവശ്യം. കുട്ടികൾക്ക് ശാന്താ ക്ലോസിൽ വിശ്വസിക്കുവാൻ ഒരു പ്രയാസവുമില്ല, എന്നാൽ അസാധ്യമായതിൽ വിശ്വസിക്കുവാൻ കുട്ടികളുടെ മനസ്സ് ആവശ്യമില്ല. കുട്ടികളെപോലെ ആകുന്നതും ബാലിശമാകുന്നതും രും രാണ്. ദൈവം സാധ്യമായതിന്റെ മാത്രം ദൈവമല്ല, അസാധ്യമായതിന്റേയും ദൈവമാണ് (മത്തായി 19:26). പത്രൊസ് വെള്ളത്തിന്മീതെ നടന്നു എങ്കിലും, പിന്നെ മുങ്ങിപോയി (മത്തായി 14:28–31). താൻ ചെയ്തുകൊിരിക്കുന്നതു ചെയ്യുവാൻ കഴിയുമെന്നു അവൻ വിശ്വസിച്ചിരുന്നില്ല! ദൈവത്തിനു തന്റെ ശക്തി നഷ്ടമായില്ല. വിശ്വാസം പരാജയപ്പെട്ടില്ല. പത്രൊസിന്റെ വിശ്വാസം സംശയത്തിനു കൈമാറി. അവൻ മുങ്ങുകയും ചെയ്തു.

നാമെല്ലാവരും അസാധ്യമായതിൽ വിശ്വസിക്കുന്നു. നാം ജീവിതത്തിൽ വിശ്വസിക്കുന്നു. ജീവിതത്തെ വിശദമാക്കുക. കടൽ മാറി ഭൂമിയുടെ മറ്റേ അറ്റത്തേക്കു പോകാത്തത് എന്തുകൊ്? വെള്ളത്തിന് അതിന്റേതായ നിലയാണ് ഉള്ളത്. നാം ഭൂമിയിൽ എവിടെ നിന്നാലും ശരി (തെക്കേ ധ്രുവത്തിന്റെ അറ്റത്തായാലും), എല്ലായ്പോഴും ഭൂമിക്കു മുകളിലാണ്. സംസാരശേഷിയില്ലാത്ത ഒരു ജീവിക്ക് വയലിൽ മുട്ടയിടുവാൻ എങ്ങനെ സാധിക്കുന്നു? മനുഷ്യന് – വളരെ പ്രയാസപ്പെട്ട് – ഒരു മുട്ടയുാക്കുവാൻ സാധിച്ചാൽ പോലും, അതു വിരിയുമായിരുന്നില്ല. ഒരു 747 (ജംബോ ജെറ്റ്) എങ്ങനെയാണ് പറക്കുന്നത്? വിത്ത് ചത്തു ജീവിക്കുന്നതെങ്ങനെ? സൃഷ്ടിക്കുവാൻ കഴിവുള്ള നമ്മുടെ ദൈവത്തിനു ഉയർപ്പിക്കുവാനും കഴിയും! വിശ്വാസമുള്ളവർ കാത്തിരിക്കുന്നതു ദൈവം ശില്പിയായി പണിത ഒരു നഗരത്തിനു വേിയാണ് (എബ്രായർ 11:10). വിശ്വസിച്ചുകൊു പ്രാർത്ഥിച്ചാൽ മലകൾ നീങ്ങിപോകുമെന്നു ക്രിസ്തു പറഞ്ഞു (മത്തായി 17:20; 1 കൊരിന്ത്യർ 13:2). പൊതുജനത്തെ ആകർഷിക്കുവാനല്ല അവൻ അതു പറഞ്ഞത്. "മലകളെ നീക്കുന്നതല്ല"

പ്രശ്നം; “എന്നെ നീക്കുന്നതാണ്” പ്രശ്നം. ദൈവത്തിനു എന്നെ മാറ്റുവാനും, രക്ഷിപ്പാനും, ഉപയോഗിപ്പാനും കഴിയും!

സ്വാഭാവികമായി, വിശ്വാസത്തിൽ സാഹസം ഉൾപ്പെട്ടിരിക്കുന്നു. വിശ്വാസം പരീക്ഷണം ആവശ്യപ്പെടുന്നു. നാം വർത്തമാനകാലത്തിന്റെ മോഹങ്ങൾക്കുവേ ഭാവിയെ സാഹസപ്പെടുത്തുന്നു. യിസഹാക്കിനെ കൈകാര്യം ചെയ്യുന്നതിനു മുമ്പ് യിശ്മായേലിനെ കൈകാര്യം ചെയ്യുവാൻ അബ്രഹാം പഠിക്കേിയിരുന്നു! നമ്മുടേത് “വിശ്വാസശക്തി” ആണ്, അല്ലാതെ “മനശക്തി” അല്ല. ദൈവം എന്തും നേരിട്ടതും സഹിച്ചതും ക്രൂശിൽ വെച്ചായിരുന്നു; നാം എല്ലാം സഹിക്കുന്നതും നേരിടുന്നതും വിശ്വാസത്താലാണ്. സംശയം ഉാകുന്നതിനെ വിശ്വാസം അനുവദിക്കുന്നു എന്നും ഇതിനർത്ഥമാണ്. പരിശോധിക്കാത്ത വിശ്വാസം ഉാകുന്നതിൽ അർത്ഥമില്ല. അന്ധമായ വിശ്വാസത്തിലുള്ളതിനേക്കാൾ സത്യസന്ധമായ സംശയത്തിലാണ് അധികമതങ്ങളും ഉള്ളത്. യോഹന്നാൻ സ്നാപകനു സംശയമുായിരുന്നു (മത്തായി 11:3). നിങ്ങളുടെ വിശ്വാസത്തെ നിങ്ങൾ സംശയിച്ചേക്കാം, എന്നാൽ നിങ്ങളുടെ സംശയങ്ങളെ ഒരിക്കലും വിശ്വസിക്കരുത്! വിശ്വാസത്തിന്റെ വിപരീതം സംശയമല്ല - അതു അന്ധവിശ്വാസമാണ്. സംശയം നിമിത്തമല്ല യെഹൂദന്മാർ മരുഭൂമിയിൽ നശിച്ചുപോയത് - പിന്നെയോ അന്ധവിശ്വാസം നിമിത്തമായിരുന്നു (എബ്രായർ 3:7-19). കുറച്ചു മനസ്സിലാക്കേതിന് നാം എല്ലാം അറിയണമെന്നില്ല.

യോഹന്നാൻ സ്നാപകനിൽ സംശയമുായിരുന്നിട്ടും യേശു അവനെ കുറിച്ച് അവിശ്വസനീയമായ ഒരു പ്രസ്താവന നടത്തി: “... സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല! ...” (മത്തായി 11:7-11). വിശ്വാസം ആണെന്നുറപ്പുള്ളത് വിശ്വാസം ആകണമെന്നില്ല. ദൈവത്തെകൂടാതെ ജീവിക്കയും മരിക്കയും ചെയ്യുവാൻ ശ്രമിക്കുന്നത് സുരക്ഷിതത്വമില്ലാത്തകാര്യമാണ്! നിങ്ങൾ എന്തിനെങ്കിലും വേി സാഹസത്തിനു മുതിർന്നില്ലെങ്കിൽ, നിങ്ങൾ എല്ലാറ്റിലും സാഹസം നേരിടേിവരും. ഓരോ ദിവസവും, ക്രിസ്ത്യാനികൾ “തങ്ങളുടെ വിശ്വാസം നേർരേഖയിലാക്കും.” അനുയോജ്യമായ സാഹചര്യത്തെ വാഗ്ദാനം ചെയ്യുന്നതല്ല വിശ്വാസം. നമ്മെ കൈവിടുകയോ, ഉപേക്ഷിക്കയോ ചെയ്യാത്ത ദൈവത്തിലാണ് നമ്മുടെ വിശ്വാസം (എബ്രായർ 13:5).

### വിശ്വാസം പ്രവർത്തിക്കുന്നതാണ്

“വിശ്വാസം” എന്ന വാക്കിന്റെ ഏതു നിർവ്വചനവും, പ്രവർത്തിക്കുന്നതാണ്. നമ്മുടെ ദൈവം പ്രവർത്തിക്കുന്നതാണ്; നമുക്ക് പ്രവർ ത്തിക്കുന്ന രക്ഷകനെ നല്കുക എന്ന യേശുവിനെകുറിച്ചുള്ള അവന്റെ പദ്ധതി പ്രവർത്തിക്കുന്നതാണ്. പത്ഥ്യോപദേശം പ്രവർത്തിക്കുന്നതാണ്. വിശ്വാസം ശക്തവും, അനുസരിക്കുന്നതുമാണ്. “പ്രവർത്തിയില്ലാത്ത വിശ്വാസം നിർജീവമാണ്” (യാക്കോബ് 2:17-26). എബ്രായർ 11-ലെ യഥാർത്ഥ നായകൻ ബൈബിളിലെ വ്യക്തികളല്ല - പിന്നെയോ വിശ്വാസമാണ്. വിശ്വാസമാണ് വ്യത്യാസം വരുത്തിയത്. പാപത്തിന്റെ വിപരീതം നന്മയല്ല, എന്നാൽ വിശ്വാസമാണ്. അതേപോലെ, പാപത്തിന്റെ അന്തസത്ത ദുർഗുണമല്ല, മറിച്ച് അവിശ്വാസമാണ്. ഇതു വിശദമാക്കുന്നതെന്തെന്നാൽ ക്രിസ്തുവിനെപോലെ ആകുവാൻ ക്രിസ്ത്യാനികളാകാത്തവരെ കത്തെുന്നതിലുള്ള പരാജയമാണ്. *വിശ്വാസം പ്രവർത്തി*

*ക്കുന്നു!* നാം "വിശ്വാസപ്രവർത്തകർ" ആകണം. നാം "നിയമം പ്രവർത്തിക്കുന്നവർ" അല്ല, "വിശ്വാസ പ്രവർത്തകരാണ്." ഒരു വ്യക്തിയിലുള്ള വിശ്വാസം സമർപ്പണം ആവശ്യപ്പെടുന്നു (ലൂക്കൊസ് 6:46; യോഹന്നാൻ 14:15). വിശ്വാസം ഏകവഴിയാണ്: "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല" (എബ്രായർ 11:6).

ദിവസേനയുള്ളതാണ് വിശ്വാസം. ദൈവം ഇന്നലെ നമുക്ക് നല്കിയ കൃപ നമ്മെ ഇന്നു നിലനിർത്തുന്നില്ല. ദൈവം ഒരിക്കലും നാളത്തേക്കുള്ള ശക്തി ഇന്നു തരികയില്ല – ഇന്നേക്കു മാത്രം. മരുഭൂമിയിൽ വെച്ച്, ദിവസവും മന്ന പെറുക്കേിയിരുന്നു. രക്ഷിക്കുന്ന വിശ്വാസവും, ജീവിക്കുന്ന വിശ്വാസവും, ദിവസേനയുള്ളതാണ്. വിശ്വാസം കൂമ്പാരമായി ശേഖരിച്ചു വെക്കാവുന്നതല്ല, അല്ലെങ്കിൽ കൊുനടക്കാവുന്നതുമല്ല. ക്രിസ്തീയജീവിതം എപ്പോഴും എളുപ്പവും സന്തോഷപ്രദവുമായിരിക്കയില്ല. അതു ബലഹീനർക്കുമാത്രവുമല്ല. അസ്വസ്ഥനായ പിതാവിനെ പോലെ, നാം പറയും, "ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസം പൊറുക്കേണമേ" (മർക്കൊസ് 9:23, 24). നാം പറയും, "എന്തു സംഭവിച്ചാലും, ദൈവമേ, ഞാൻ നിന്റേതാണ്!"

***വന്ന്, എന്നോടുകൂടെ നടക്കുക.***

---

കുറിപ്പു

[1]1, 4, 5, 6, 7, 8, 10, 11, 13, 16, 17–19, 23–28, 31, 32, 33, 37, 38, 40 എന്നീ വാക്യങ്ങൾ പ്രത്യേകമായി നോക്കുക.